പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1516

12-06-2019-ൽ മറുപടിക്ക്

**കടക്കെണിയിലായ കർഷകർക്ക് കാർഷിക കടാശ്വാസത്തിന്റെ ആനുകൂല്യം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.സി.കെ. ശശീന്ദ്രൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാലാവസ്ഥാവ്യതിയാനം കൊണ്ടും പ്രകൃതിദുരന്തങ്ങൾ കൊണ്ടും ഉണ്ടായ വിളനാശം മൂലം കടക്കെണിയിലായ കർഷകർക്ക് ആശ്വാസമേകാനായി എല്ലാത്തരം വായ്പകൾക്കും സർക്കാർ പ്രഖ്യാപിച്ച മൊറട്ടോറിയം വകവയ്ക്കാതെ ചില ബാങ്കുകൾ കർഷകരെ സമ്മർദ്ദത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയം ഒരു പ്രത്യേക അജണ്ടയായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മറ്റിയിൽ ചർച്ച ചെയ്യണമെന്നും ആയത് പരിഹരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.<br>പ്രളയദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തിലെ കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിലേയും ജപ്തി നടപടികൾക്ക് ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിച്ച് 12.10.18 ലെ സ.ഉ (എം.എസ് ) 367/2018/റവ നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് സഹകരണ ബാങ്കുകളിൽ നടപ്പിലാക്കി ഉത്തരവായിട്ടുണ്ട്.<br>സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് പ്രസ്തുത മൊറട്ടോറിയത്തിന്റെ കാലാവധി 31.12.19 വരെ ദീർഘിപ്പിച്ച് നൽകുന്നതിനും സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾളിൽമേലുമുള്ള ജപ്തി നടപടികൾക്ക് 31.12.2019 വരെ മൊറട്ടോറിയം അനുവദിച്ചും സഹകരണ സംഘം രജിസ്ട്രാറുടെ 15/19 നമ്പർ സർക്കുലർ നൽകിയിട്ടുണ്ട്. പൊതുമേഖല, വാണിജ്യ, സഹകരണ ബാങ്കുകളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് നേരത്തേ പ്രഖ്യാപിച്ച മോറട്ടോറിയം 2019 ഡിസംബർ 31 വരെ ദീർഘിപ്പിക്കാനും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകൾക്കും മോറട്ടോറിയം ബാധകമാക്കിക്കൊണ്ടും 05-03-2019 ലെ മന്ത്രസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിലെ തുടർനടപടികൾ സ.ഉ (കൈ) നം.146/2019/റവ തീയതി 27-05-2019 പ്രകാരം റവന്യൂ വകുപ്പിൽ നിന്നും സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 2018 ഓഗസ്റ്റ് 20 ന് കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഉടൻ നടപ്പിലാക്കേണ്ട പ്രളയ ദുരിതാശ്വാസ നടപടികൾ റിസർവ്വ് ബാങ്ക് നിബന്ധനകൾക്ക് വിധേയമായി ചർച്ച ചെയ്യു അംഗീകരിക്കുകയും ഈ നടപടികളുടെ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ ബാങ്കുകൾക്കും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ നടപടികളുടെ വിശദാംശങ്ങൾ www.slbc.kerala.com എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. ഇതുപ്രകാരം അർഹമായ കാർഷിക വായ്പകൾക്കുള്ള മോറട്ടോറിയം പുനക്രമീകരിക്കുന്നതിലൂടെ അധിക തിരിച്ചടവ് കാലാവധിയും പുനർവായ്പയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള കാർഷികകടാശ്വാസത്തിന്റെ ആനുകൂല്യം കൂടുതൽ പേർക്ക് ലഭ്യമാക്കാനായി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; വാണിജ്യബാങ്കുകളിൽ നിന്ന് എടുത്ത വായ്പകളും കാർഷികകടാശ്വാസ കമ്മീഷന്റെ പരിഗണനാപരിധിയിൽ ഉൾപ്പെടുത്താൻ സാധിക്കുമോ എന്ന് പരിശോധിക്കുന്നുണ്ടോ ; | (ബി) | തീരുമാനം കൈകൊണ്ടിട്ടുണ്ട്. 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ നഷ്ടം കണക്കിലെടുത്ത്, കർഷക കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകി വരുന്ന ആനുകൂല്യം ഇടുക്കി വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയ ബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെ നൽകുകയും, ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് പ്രസ്തുത ആനുകൂല്യം 2018 ആഗസ്റ്റ് 31 വരെ ദീർഘിപ്പിക്കുകയും ചെയ്യാൻ 05.03.2019 -ലെ മന്ത്രിസഭാ യോഗം തീരുമാനമെടുത്തിട്ടുണ്ട്. വാണിജ്യ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകളും കാർഷികകടാശ്വാസ കമ്മീഷന്റെ പരിഗണനാ പരിധിയിൽ ഉൾപ്പെടുത്താമോയെന്ന് പരിശോധിക്കുവാൻ കൃഷി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളെ മേൽ പറഞ്ഞ മന്ത്രിസഭായോഗത്തിന്റെ തീരുമാനപ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളെ ഉൾപ്പെടുത്തുന്നതിനും ആനുകൂല്യങ്ങൾ അർഹമാക്കുന്നതിനും ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ താല്പര്യപ്പെടുന്നുണ്ടെന്നും, എസ്.എൽ.ബി,സി. കൺവീനർ അറിയിച്ചിട്ടുണ്ട്.<br>കൃഷി വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന കാർഷിക കടാശ്വാസം തുകയിൽ നിന്നും സഹകരണ ബാങ്കുകൾക്ക് അർഹതപ്പെട്ട തുക സഹകരണ വകുപ്പ് മുഖേന നൽകി വരുന്നുണ്ട്. |
| (സി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന വിളനഷ്ടത്തിന് നഷ്ടപരിഹാരം നൽകാനുള്ള തുക വർദ്ധിപ്പിക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്നറിയുമോ? | (സി) | പ്രകൃതി ക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച വിളകൾക്ക് അനുവദിക്കുന്ന നഷ്ടപരിഹാരം വർദ്ധിപ്പിച്ചുകൊണ്ട് 01.06.2019 ലെ സ.ഉ.(എം.എസ്) നം.71/2019/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ